# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

06.02.2019 ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2019

**പൂഞ്ഞാർ മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പൂഞ്ഞാർ മണ്ഡലത്തിലെ 26 കിലോമീറ്ററിലധികം ദൈർഘ്യമുള്ള ഈരാറ്റുപേട്ട പോലീസ് സ്റ്റേഷന്റെ പരിധി വിഭജിച്ച് പൂഞ്ഞാർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ : | (എ) ഇതിനകം പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തികരിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത്. |
| (ബി) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട കേന്ദ്രമാക്കി ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ: വ്യക്തമാക്കാമോ: | (ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പൂർണ്ണമായും പ്രവർത്തനം ആരംഭിച്ച കഴിയുന്നമുറയ്ക്ക് സംസ്ഥാനത്തെ പോലീസ് ഡിവിഷനുകളും വിഭജിക്കേണ്ടതായിവരും. ആ അവസരത്തിൽ പത്തനംതിട്ട ജില്ലയിൽ കൂടുതൽ ഡിവിഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) പൂഞ്ഞാർ മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന ശബരിപാതയിലെ പ്രധാന കേന്ദ്രമായ മുക്കൂട്ടുതറയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ: എങ്കിൽ വിശദമാക്കാമോ? | (സി) ശബരിമല മണ്ഡല-മകരവിളക്ക് സമയത്ത് മാത്രമാണ് മുക്കൂട്ടുതറ ഭാഗത്ത് തിരക്ക് അനുഭവപ്പെടുന്നത്. ഈ സമയത്ത് ഉദ്ദേശം 500 പോലീസുദ്യോഗസ്ഥരെ ക്രമസമാധാന-പാലനത്തിനായി നിയോഗിക്കാറുണ്ട്. ആയതിനാൽ മുക്കൂട്ടുതറ ഭാഗത്ത് പുതിയതായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ